ഉത്തരം

(എ) കുംബളങ്ങി ശുദ്ധജലവിതരണ പദ്ധതിയുടെ ഭാഗമായി കണക്കേടവിൽ പമ്പിംഗ് സ്റ്റേഷൻ സ്ഥാപിക്കാനുള്ള ആലോചന നിലവിലില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

കുംബളങ്ങിയിൽ സ്ഥാപിക്കുന്ന ഓവർഹെഡ് ടാങ്ക്

1404 [2124] ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുംബളങ്ങി ശുദ്ധജലവിതരണ പദ്ധതിയുടെ ഭാഗമായി കുംബളങ്ങിയിൽ സ്ഥാപിക്കുന്ന ഓവർഹെഡ് ടാങ്ക് നിർമ്മിക്കുന്നതിനുള്ള സ്ഥലം പൊന്നുംവിലയ്ക്കെടുക്കുവാനുള്ള നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ ;

(ബി) പ്രസ്തുത അക്വിസിഷൻ നടപടികൾ നീണ്ടുപോകാൻ കാരണമെന്ത് ;

(സി) പ്രസ്തുത അക്വിസിഷൻ എന്നത്തേക്ക് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ലോകബാങ്ക് സഹായത്തോടെ നടപ്പാക്കിക്കൊണ്ടിരിക്കുന്ന വിശാല കൊച്ചി ജലവിതരണ പദ്ധതിയിൽ ഉൾപ്പെടുത്തി കുംബളങ്ങി പഞ്ചായത്തിനാവശ്യമായ പമ്പ് ഹൗസിനും ഓവർ ഹെഡ് ടാങ്കിനും സ്ഥലം പൊന്നും വിലയ്ക്ക് എടുക്കുന്നതിനുള്ള നടപടികൾ റവന്യൂവകുപ്പ് സ്വീകരിച്ചു വരുന്നു. സർവ്വേ തുടങ്ങിയ പ്രാഥമിക ചെലവുകൾക്ക് ആവശ്യമായ തുക അടയ്ക്കുകയും 'എ' നോട്ടിഫിക്കേഷൻ ഉള്ള അപേക്ഷകളിൽ കൊടുക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ലോകബാങ്ക് സ്കീം നടപ്പാക്കുന്നതിനനുസരിച്ചിട്ടുള്ള സമയപരിധിക്കുള്ളിലാണ് അക്വിസിഷൻ നടപടികളും നടപ്പിലാക്കുന്നത്. ആയതിനാൽ അക്വിസിഷൻ നടപടികൾ നീണ്ടുപോയിട്ടില്ല.

(സി) അക്വിസിഷൻ നടപടികൾ കുറഞ്ഞത് 6 മാസത്തിനകം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

പുളിമാത്ത് പഞ്ചായത്തിലെ ഹരിജൻ കോളനികളിൽ ശുദ്ധജലവിതരണം

1405 [2127] ശ്രീമതി ഭാർഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിൽപ്പെട്ട പുളിമാത്ത് പഞ്ചായത്തിലെ ഏതെല്ലാം ഹരിജൻ കോളനികളിൽ ശുദ്ധജലവിതരണം ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly